Draft #66 of File 3558/AD A1/ASO1/2018/AD A 1 (PART-II) Approved by ASSISTANT REGISTRAR I (ADMIN) on 26-May-2023 05:10 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ജീവനക്കാര്യം: പെൻഷൻ പ്രാരംഭാവധി - ഡെപ്യൂട്ടി രജിസ്ട്രാർ, അസിസ്റ്റൻറ് രജിസ്ട്രാർ, സെക്ഷൻ ഓഫീസർ - സ്ഥാനക്കയറ്റം, സ്ഥലംമാറ്റം, നിയമനം, അധിക ചുമതലയിൽ നിന്ന് വിടുതൽ - അനുവദിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 5912/AD A1/2023/എം.ജി.യു    പ്രിയദർശിനി ഹിൽസ്,തീയതി: 26.05.2023

---

*പരാമർശം:*-1. സർവ്വകലാശാല ഉത്തരവ് നമ്പർ: 5854/AD C4/2023/എം.ജി.യൂ.,തീയതി: 25.05.2023.
2. സർവ്വകലാശാല ഉത്തരവ് നമ്പർ: 5600/AD C5/2023/എം.ജി.യൂ.,തീയതി: 19.05.2023.
3. സർവ്വകലാശാലാ ഉത്തരവ് നമ്പർ: 5318/AD A1/2023/എം.ജി.യൂ., തീയതി 12.05.2023.
4. സർവ്വകലാശാല ഉത്തരവ് നമ്പർ:5593/AD A1/2023/എം.ജി.യൂ., തീയതി: 19.05.2023.
5. സർക്കാർ ഉത്തരവ് (P) നം.21/2022/Fin,തീയതി:18.02.2022.
6. പുറത്തെഴുത്ത് നം. 53716/AD A3/4/2021/Admin. തീയതി 20.04.2022.
7. സർക്കുലർ നമ്പർ Ad.AI-3-246/2016, തീയതി: 31.05.2016.
8. ജി.ഒ (പി) നം.42/ 2010 / പി & എ ആർഡി, തീയതി 20.12.2010.
9. സർവ്വകലാശാലാ ഉത്തരവ് നമ്പർ: 11799/AD A1/2022/എം.ജി.യൂ., തീയതി 21.11.2022.

**ഉത്തരവ്**

സർവ്വകലാശാലാ സർവ്വീസിൽ നിന്നും 31.05.2023 അപരാഹ്നത്തിൽ വിരമിക്കുന്ന ശ്രീ. നിസ്സാം എസ്., (PEN:1732), ഡെപ്യൂട്ടി രജിസ്ട്രാർ -1 (ഫിനാൻസ് വിഭാഗം), പരാമർശം (1) പ്രകാരം 24.05.2023 മുതലും, ശ്രീ. ജോസഫ് തോമസ്, (PEN:2140), സെക്ഷൻ ഓഫീസർ (ഹയർ ഗ്രേഡ്), CBCSS-21 സെക്ഷൻ, പരാമർശം (2) പ്രകാരം 20.05.2023 മുതലും പെൻഷൻ പ്രാരംഭാവധിയിൽ പ്രവേശിച്ചിരിക്കുകയാണ്.

മേൽ പരാമർശിച്ചിരിക്കുന്നത് പരിഗണിച്ച്, പരാമർശം (3)-ൻറെ അടിസ്ഥാനത്തിൽ, താഴെ പ്രതിപാദിച്ചിട്ടുള്ള സ്ഥാനക്കയറ്റം, സ്ഥലംമാറ്റം, നിയമനം, അധിക ചുമതലയിൽ നിന്ന് വിടുതൽ എന്നിവ ഉടൻ പ്രാബല്യത്തിൽ സർവ്വകലാശാലയിൽ നടപ്പിലാക്കിക്കൊണ്ട് വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

| ക്രമ നമ്പർ | പേര്, തസ്തിക | സ്ഥാനക്കയറ്റം, തസ്തിക, ശമ്പള നിരക്ക്, പ്രാബല്യം | തസ്തിക ഉൾക്കൊള്ളിച്ചിരിക്കുന്നത് | നിയമിച്ചിരിക്കുന്നത് |
|---|---|---|---|---|
| 1. | ശ്രീ. ബിജു എം.എസ്. (PEN-1873) അസിസ്റ്റൻ്റ് രജിസ്ട്രാർ (ഹയർ ഗ്രേഡ്)-2 (ഭരണ വിഭാഗം) | ഡെപ്യൂട്ടി രജിസ്ട്രാർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി, രൂപ 1,07,800 - 1,60,000/- ശമ്പള സ്കെയിലിൽ നിയമിച്ചിരിക്കുന്നു. | ശ്രീ. നിസ്സാം എസ്., ഡെപ്യൂട്ടി രജിസ്ട്രാർ പെൻഷൻ പ്രാരംഭാവധിയിൽ പ്രവേശിച്ചതിനെ ത്തുടർന്നുണ്ടായ തസ്തിക ഒഴിവ്. | ഡെപ്യൂട്ടി രജിസ്ട്രാർ-1 (ഫിനാൻസ് വിഭാഗം) ആയി നിയമിച്ചിരിക്കുന്നു. |

Draft #66 of File 3558/AD A1/ASO1/2018/AD A 1 (PART-II) Approved by ASSISTANT REGISTRAR I (ADMIN) on 26-May-2023 05:10 PM - Page 2

| | | | | |
|---|---|---|---|---|
| 2. | ശ്രീമതി ഷൈലജ പി. (PEN-1713) അസിസ്റ്റന്റ് രജിസ്ട്രാർ - 2 (ഫിനാൻസ് വിഭാഗം) | അസിസ്റ്റൻറ് രജിസ്ട്രാർ (ഹയർഗ്രേഡ്) ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി, രൂപ 95,600-1,53,200/- ശമ്പള സ്കെയിലിൽ നിയമിച്ചിരിക്കുന്നു . | ശ്രീ. ബിജു എം.എസ്., ഹയർ ഗ്രേഡ് അസിസ്റ്റന്റ് രജിസ്ട്രാർക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെത്തുടർന്നുണ്ടായ തസ്തിക ഒഴിവ്. | നിലവിലെ സീറ്റിൽ തുടരാൻ അനുവദിച്ചിരിക്കുന്നു. |
| 3. | ഭരണ വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർ (ഹയർ ഗ്രേഡ് )-4 ആയ ശ്രീമതി ഉഷ വി.ഡി.(PEN-1837)-യെ, ശ്രീ. ബിജു എം.എസ്., ഹയർ ഗ്രേഡ് അസിസ്റ്റന്റ് രജിസ്ട്രാർക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെത്തുടർന്നുണ്ടായ ഒഴിവിൽ, ഭരണ വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർ -2 ആയി സ്ഥലംമാറ്റി നിയമിച്ചിരിക്കുന്നു | | | |
| 4. | പരീക്ഷാ വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർ -15 ആയ ശ്രീ. ഉദയകുമാർ ജി.(PEN-1904)-യെ, ശ്രീമതി ഉഷ വി.ഡി. ഹയർ ഗ്രേഡ് അസിസ്റ്റന്റ് രജിസ്ട്രാറെ സ്ഥലം മാറ്റിയ ഒഴിവിൽ, ഭരണ വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർ -4 ആയി സ്ഥലംമാറ്റി നിയമിച്ചിരിക്കുന്നു. | | | |
| 5. | ശ്രീ. സക്കീർ ഹുസൈൻ വൈ. (PEN-2019 2) സെക്ഷൻ ഓഫീസർ(ഹയർ ഗ്രേഡ്) ADC-5 | അസിസ്റ്റന്റ് രജിസ്ട്രാർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി, രൂപ 63,700-1,23,700/- ശമ്പള സ്കെയിലിൽ നിയമിച്ചിരിക്കുന്നു. | ശ്രീമതി ശ്രീമതി ഷൈലജ പി., അസിസ്റ്റൻറ് രജിസ്ട്രാർക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെത്തുടർന്നുണ്ടായ തസ്തിക ഒഴിവ്. | അസിസ്റ്റന്റ് രജിസ്ട്രാർ-15 (പരീക്ഷാ വിഭാഗം) ആയി നിയമിച്ചിരിക്കുന്നു. |
| 6. | ശ്രീമതി ആൻലി ജോഷ്വാ (PEN-2509) സെക്ഷൻ ഓഫീസർ CBCSS-2 സെക്ഷൻ | സെക്ഷൻ ഓഫീസർ (ഹയർ ഗ്രേഡ്) ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി, രൂപ 56,500-1,18,100/- ശമ്പള സ്കെയിലിൽ നിയമിച്ചിരിക്കുന്നു. | ശ്രീ. സക്കീർ ഹുസൈൻ വൈ, ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെത്തുടർന്നുണ്ടായ തസ്തിക ഒഴിവ്. | നിലവിലെ സീറ്റിൽ തുടരാൻ അനുവദിച്ചിരിക്കുന്നു. |
| 7. | ശ്രീമതി രേഖ പി. (PEN-2554) സെക്ഷൻ ഓഫീസർ CSS -2 സെക്ഷൻ | സെക്ഷൻ ഓഫീസർ (ഹയർ ഗ്രേഡ്) ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി, രൂപ 56,500-1,18,100/- ശമ്പള സ്കെയിലിൽ നിയമിച്ചിരിക്കുന്നു. | ശ്രീ. ജോസഫ് തോമസ്, സെക്ഷൻ ഓഫീസർ (ഹയർ ഗ്രേഡ്) പെൻഷൻ പ്രാരംഭാവധിയിൽ പ്രവേശിച്ചതിനെ ത്തുടർന്നുണ്ടായ തസ്തിക ഒഴിവ്. | നിലവിലെ സീറ്റിൽ തുടരാൻ അനുവദിച്ചിരിക്കുന്നു. |
| 8. | ശ്രീ. ശ്രീറാം ആർ. (PEN-2918) അസിസ്റ്റന്റ്സെക്ഷൻ ഓഫീസർ EI-30 സെക്ഷൻ | സെക്ഷൻ ഓഫീസർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി, രൂപ 51,400-1,10,300/- ശമ്പള സ്കെയിലിൽ നിയമിച്ചിരിക്കുന്നു. | ശ്രീമതിആൻലി ജോഷ്വാ, സെക്ഷൻ ഓഫീസർക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെത്തുടർന്നുണ്ടായ തസ്തിക ഒഴിവ്. | AD C-5 സെക്ഷനിൽ നിയമിച്ചിരിക്കുന്നു. |

Draft #66 of File 3558/AD A1/ASO1/2018/AD A 1 (PART-II) Approved by ASSISTANT REGISTRAR I (ADMIN) on 26-May-2023 05:10 PM - Page 3

| | | | | |
|---|---|---|---|---|
| 9. | CBCSS- 21 സെക്ഷനിലെ ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസറായിരുന്ന ശ്രീ. ജോസഫ് തോമസ്-ന്റെ പെൻഷൻ പ്രാരംഭാവധിയെത്തുടർന്ന് CBCSS-22 സെക്ഷനിലെ സെക്ഷൻ ഓഫീസർ ശ്രീമതി അഞ്ജലി എസ്. (PEN-2840)-ന് പരാമർശം (4) പ്രകാരം നൽകിയിരുന്ന താത്ക്കാലിക അധിക ചുമതലയിൽ നിന്ന് വിടുതൽ ചെയ്തിരിക്കുന്നു. | | | |
| 10. | ശ്രീമതി രമ്യ കുമാരി സി.ഇ. (PEN-2927 ) അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ AD A2 സെക്ഷൻ | സെക്ഷൻ ഓഫീസർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി, രൂപ 51,400-1,10,300/- ശമ്പള സ്കെയിലിൽ നിയമിച്ചിരിക്കുന്നു. | ശ്രീമതി രേഖ പി., സെക്ഷൻ ഓഫീസർക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെത്തുടർന്നുണ്ടായ തസ്തിക ഒഴിവ്. | CBCSS-21 സെക്ഷനിൽ നിയമിച്ചിരിക്കുന്നു. |

ഡെപ്യൂട്ടി രജിസ്ട്രാർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, ചാപ്റ്റർ 3.10 (17) പ്രകാരം അംഗീകരിച്ചിരിക്കുന്നു.

അസിസ്റ്റൻറ് രജിസ്ട്രാർമാർ അവർക്ക് ചുമതലയുള്ള സെക്ഷനുകളുടെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ/അസിസ്റ്റൻറ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയി പ്രവർത്തിക്കേണ്ടതാണ്.

ചുമതല വ്യത്യാസമുള്ള തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർക്ക് ചുമതല ഏറ്റെടുക്കുന്ന ദിവസം മുതൽ മാത്രമേ സ്ഥാനക്കയറ്റത്തിൻറെ പ്രാബല്യം ലഭിക്കുകയുള്ളൂ.

കേരള സർക്കാരിൻറെ പരാമർശം (5) പ്രകാരമുള്ള പതിനൊന്നാം ശമ്പള പരിഷ്ക്കരണ ഉത്തരവ് പരാമർശം (6) പ്രകാരം സർവ്വകലാശാലയിൽ നടപ്പിലാക്കിയിട്ടുള്ളതാണ്. ആയത് പ്രകാരം പേഴ്സണൽ സ്റ്റാഫിൽ നിയമിതരാകുന്ന ജീവനക്കാർക്ക് സ്പെഷ്യൽ അലവൻസിന് അർഹതയുണ്ടായിരിക്കുന്നതാണ്.

സ്ഥലം മാറ്റപ്പെട്ട ഉദ്യോഗസ്ഥർ തങ്ങളുടെ കൈവശം ഉള്ള മുഴുവൻ ഫയലുകളുടെയും മറ്റ് അനുബന്ധ രേഖകളുടെയും പാസ്സ് വേഡുകളുടെയും വിശദാംശങ്ങൾ ബന്ധപ്പെട്ട മേലുദ്യോഗസ്ഥനെ ഏല്പിക്കേണ്ടതാണ്. ആയത് മേലുദ്യോഗസ്ഥൻ പരാമർശം (7) പ്രകാരം പരിശോധിച്ച് അംഗീകരിക്കേണ്ടതാണ്. CTC-യോടൊപ്പം മേൽപ്പടി സർക്കുലറിൽ പരാമർശിച്ചിരിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

പരാമർശം (8)-ലെ സർക്കാർ ഉത്തരവ് പ്രകാരം സെലക്ഷൻ തസ്തികകളിലേക്ക് 01.04.2010-നോ അതിനുശേഷമോ സ്ഥാനക്കയറ്റം/സ്വന്തം വകുപ്പിൽ മാറ്റി നിയമനം ലഭിച്ചവർക്ക് (നേരിട്ടുള്ള നിയമനത്തിനൊഴികെ) പ്രൊബേഷൻ കാലഘട്ടം ഒരു വർഷത്തെ തുടർച്ചയായ സേവനകാലാവധിക്കുള്ളിൽ ആറ് മാസം എന്ന് നിജപ്പെടുത്തി ഉത്തരവായിട്ടുണ്ട്. ആയതിനാൽ ചുമതല വ്യത്യാസമുള്ള തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർക്ക് ഒരു വർഷത്തെ തുടർച്ചയായ സർവ്വീസിനിടെ ആറ് മാസം പ്രൊബേഷൻ കാലഘട്ടമായിരിക്കും.

സ്ഥലംമാറ്റം ലഭിക്കുന്ന സെക്ഷൻ ഓഫീസർമാർ, സ്റ്റാറ്റ്യൂട്ടറി ഉദ്യോഗസ്ഥർ നിലവിലുള്ള നിബന്ധനകൾക്ക് പുറമെ പരാമർശം (9) പ്രകാരമുള്ള ഉത്തരവിൻറെ അടിസ്ഥാനത്തിൽ ഐ.ടി. സ്റ്റോക്ക് രജിസ്റ്റർ കൈമാറേണ്ടതും പ്രസ്തുത വിവരം CTC-യോടൊപ്പമുള്ള സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തേണ്ടതുമാണ്.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർ ഈ ഉത്തരവ് തീയതി മുതൽ ഒരു മാസത്തിനകം സ്ഥാനക്കയറ്റ തസ്തികയിലെ ശമ്പളനിർണ്ണയത്തിന് വേണ്ടി സമർപ്പണം നൽകേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഷിജി സെബാസ്റ്റ്യൻ വി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട വ്യക്തികൾ /സെക്ഷനുകൾ/ ഡിപ്പാർട്ട്മെൻറ്
2. വൈസ് ചാൻസലർ /പ്രൊ വൈസ് ചാൻസലർ -എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ
4. ജോയിൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണം/അക്കാദമികം/പരീക്ഷ/ധനകാര്യം)
5. ജോയിൻറ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെൻറ്, എം.ജി. സർവ്വകലാശാല
6. പബ്ലിക് റിലേഷൻസ് ഓഫീസർ/ യൂണിവേഴ്സിറ്റി വെബ്സൈറ്റ്
7. എഫ്.സി.സി./ഫിനാൻസ് I/II/ എഡി.എIII/എഡി.എ.IV/ എഡി സി I/II/III/IV/V/ എഡി.എ.VIII/X
8. ഐ.ക്യു.എ.സി./ഐ.റ്റി. സെൽ 1/2 / സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്
9. റെക്കോർഡ്സ്/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി/ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #66 of File 3558/AD A1/ASO1/2018/AD A 1 (PART-II) Approved by ASSISTANT REGISTRAR I (ADMIN) on 26-May-2023 05:10 PM - Page 4